(ബി) ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഇതേവരെ എന്തു തുക ലഭിച്ചു; ഇതിൽ ചെലവഴിച്ച തുക എത്രയാണ്;

(സി) പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ സെക്ടർ റിഫോംസ് കുടിവെള്ള പദ്ധതിയിൽ ഇതുവരെ 190 പദ്ധതികൾ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ഇതിൽ വൈദ്യുതി കണക്ഷൻ ലഭിച്ച 90 പദ്ധതികൾ കമ്മീഷൻ ചെയ്തു. കൊല്ലം ജില്ലയിൽ 26 പഞ്ചായത്തുകളിലായി 123 പദ്ധതികളുടെ പണി പുരോഗമിച്ചുവരുന്നു. 13 പദ്ധതികൾ കമ്മീഷൻ ചെയ്തു. 20-ഓളം പദ്ധതികളുടെ പണി പൂർത്തിയായി. 70-ഓളം സ്രോതസ്സുകളുടേയും 45 പമ്പ് ഹൗസുകളുടേയും 40 ഓവർ ഹെഡ് ടാങ്കുകളുടേയും പണി പൂർത്തിയായിട്ടുണ്ട്. എല്ലാ പദ്ധതികളിലും പൈപ്പ്, പമ്പ്സെറ്റ് എന്നിവ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ബി) ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും കാസർഗോഡ് ജില്ലക്ക് 22.40 കോടി രൂപയും കൊല്ലം ജില്ലക്ക് 11.22 കോടി രൂപയും ലഭിച്ചിട്ടുണ്ട്. ഇതിൽ കാസർഗോഡ് ജില്ലയിൽ 1658.12 ലക്ഷം രൂപയും കൊല്ലം ജില്ലയിൽ 923.68 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ കാലാവധി 31-3-2004-ൽ അവസാനിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് ദീർഘിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ അപേക്ഷിച്ചുവെങ്കിലും 2004 മാർച്ച് 31-ന് ശേഷം സ്വജൽധാര-II എന്ന പേരിൽ പദ്ധതി തുടർന്ന് നടത്തുവാനാണ് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുള്ളത്.

ചെറുകുന്ന് കുടിവെള്ള പദ്ധതി

69 [1755] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ ചക്കിട്ടപാറ പഞ്ചായത്തിലുള്ള ചെറുകുന്ന് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടം വരെയായി എന്നു വ്യക്തമാക്കാമോ?

(ബി) പദ്ധതിക്ക് എത്ര ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയതെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിക്കുവേണ്ടിയുള്ള സംഖ്യ ഏതെല്ലാം ഏജൻസികളിൽ നിന്നും എത്ര രൂപ വീതമാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാനാവുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചക്കിട്ടപാറ പഞ്ചായത്തിലുള്ള ചെറുകുന്ന് കുടിവെള്ള പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പൈപ്പ് ലൈൻ പ്രവൃത്തികൾ ചെയ്യുന്നതിന് സപ്ലൈയിംഗ് ആന്റ് ലേയിംഗ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധനയിലാണ്.

(ബി) 11 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്.

(സി) 3 ലക്ഷം ചക്കിട്ടപാറ ഗ്രാമ പഞ്ചായത്തും 2 ലക്ഷം രൂപ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തുമാണ് നിക്ഷേപിക്കുന്നത്. എസ്റ്റിമേറ്റ് തുകയിൽ ബാക്കി വരുന്ന 6 ലക്ഷം രൂപ ഏ.ആർ.പി/എൻ.സി./പി.സി.-യിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) പൈപ്പ്ലൈൻ പ്രവൃത്തികൾ സപ്ലൈയിംഗ് ആന്റ് ലേയിംഗ് അടിസ്ഥാനത്തിൽ ചെയ്യുകയും പഞ്ചായത്തുകളുടെ വിഹിതം ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ച് 9 മാസത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ജലവിതരണ പദ്ധതി

70 [1756] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിലേറിയശേഷം തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ഏതൊക്കെ ജലവിതരണ പദ്ധതികൾക്ക് അനുമതി നൽകിയെന്ന് പറയാമോ;

(ബി) ഈ പദ്ധതികളുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളാ വാട്ടർ അതോറിറ്റി ARPNC/PC-ൽ ഉൾപ്പെടുത്തി 16-ഉം, പൊതുജന പങ്കാളിത്തത്തോടെയുള്ള

LIBRARY ARCHIVES Kerala Legislative Assembly